/88964/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1214/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 25-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- "വർണ്ണക്കൂട്ട്" - ബോധവൽക്കരണ ക്ലാസ്സ് - 2022-23 - നാലാം ക്വാർട്ടർ - തുക ചെലവഴിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-
1. വനിതാ ശിശുവികസന ഡയറക്ടറുടെ 19.07.2022, 16.12.2022 തീയതികളിലെ ഉത്തരവുകൾ
2. വനിതാ ശിശു വികസന ഡയറക്ടറുടെ 27.01.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2022-23 വർഷം 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയ വകയിൽ മൂന്നു ക്വാർട്ടറുകളുടെ ഫണ്ട് സൂചന (1) പ്രകാരം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. നാലാമത്തെ ക്വാർട്ടർ തുക സൂചന (2) പ്രകാരം അനുവദിച്ച ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷകത്തിലെ തുക എൻഹാൻസ് ചെയ്ത് ലഭ്യമാക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും തുക വർധിപ്പിച്ച ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ നാലാം ക്വാർട്ടർ തുക നടപ്പുവർഷം ജില്ലകൾക്ക് അനുവദിക്കുവാൻ കഴിയില്ല. എന്നാൽ കഴിഞ്ഞ മൂന്നു ഗഡുക്കളും അനുവദിച്ചിട്ടുള്ളതിൽ തുക മുഴുവനായും ആവശ്യം വരാതെ ചെലവഴിക്കുവാൻ
ശേഷിക്കുന്നുണ്ടെങ്കിൽ മേൽ തുക നാലാം ക്വാർട്ടർ ക്ലാസുകൾക്കായി ചെലവഴിക്കേണ്ടതാണ് .

നടപ്പുവർഷം ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്നു മുഴുവൻ കാര്യാലയ മേധാവികളും ഉറപ്പാക്കേണ്ടതാണ്. ആയതു സംബന്ധിച്ച് പിന്നീട് ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ലായെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

<u>പകർപ്പ്</u>
എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും

Signed by Priyanka G
Date: 25-03-2023 23:20:30